കേരളസർക്കാർ
<u>സംഗ്രഹം</u>

കൃഷിവകുപ്പ്എസ്റ്റാകൃഷി ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ വഴിയുള്ള നിയമനംകൃഷി അസിസ്റ്റന്റ് ഗ്രേഡ്1തസ്തികയിൽ 3 വർഷത്തെ സേവനം പൂർത്തിയാക്കണമെന്ന നിബന്ധന റദ്ദുചെയ്തു കൊണ്ട്ഉത്തരവ് പു റപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

കൃഷി(എസ്റ്റാ : എ) കൃഷി വകുപ്പ്

ജി.ഒ(.എം.എസ്)നം. 1599/കൃഷി തിരുവനന്തപരം,തീയതി16.1.1999

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം: - 1. ജി.ഒ(.എം.എസ്) 7/80 തീയതി 8.1.80
2. 15.11.95 ൽ ബഹു. കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി അസിസ്റ്റന്റ് അസോസിയേഷൻ ഉന്നയിച്ചിരുന്ന വിവിധ ആവശ്യങ്ങൾ സംബന്ധിച്ച ചർച്ച.
3. കൃഷി ഡയകട്ടറുടെ 30.12.97ലെ എസ്.ഡി(2)77707/97 നംപർ കത്ത്
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 9.9.98 ലെ എ - 2 (1) 31663 / 96/ഗ.വി.എന്ന നംപർ കത്ത്
5. 1.10.96 ലെജോയിന്റ കൗൺസിൽ ഓഫ് സേറ്ററ്റ് സർവ്വീസ് ഓർഗനൈസേഷൻ ചെയർമാന്റെ നിവേദനം.

.........

**<u>ഉത്തരവ്</u>**

അഗ്രിക്കൾച്ചറൽ ഓഫീസർമാരുടെ തസ്തികയിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ്മാർക്കായി നീക്കിവച്ചിരിക്കുന്ന ക്വോട്ടായിൽ, നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തണമെന്ന ആവശ്യം രണ്ടാംസൂചനപകാരുള്ള ചർച്ചയിൽ ഉന്നയിക്കപ്പെട്ടു.

ഒന്നാമത് പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവിലെ റൂൾ11(ബി) പ്രകാരം അഞ്ചുവർഷത്തിൽ കുറയാത്ത സർവ്വീസുള്ളവർക്കും യോഗ്യതാനിർണ്ണയ പരീക്ഷ വിജയിച്ചിട്ടുള്ളതുമായ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ്മാരിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് ഒന്നായി മൂന്ന്വർഷത്തിൽ കുറയാത്ത സർവ്വീസുള്ളവരെയാണ് അഗ്രിക്കൾച്ചറൽ ഓഫീസർമാരുടെ തസ്തികയിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ്മാർക്കായി നീക്കിവച്ചിരിക്കുന്ന ക്വോട്ടായിൽ നിയമിക്കുന്നത്. പി.എസ്.സി നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിച്ചിട്ടുള്ള അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ്മാരും ഗ്രേഡ് 1 തസ്തികയിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ലായെന്നതനാൽ ഒഴിവുണ്ടായിട്ടും കൃഷി ഓഫീസർ തസ്തികയിലേക്ക 'പ്രൊമോഷൻ നൽകുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും ഗ്രേഡ് 1 തസ്തികയിൽ 3 വർഷം സേവനം പൂർത്തിയാക്കണമെന്ന നിബന്ധന എടുത്ത്കളയുന്നത് അഭികാമ്യമാകും കൃഷി ഡയക്ടർമൂന്നാമത് പരാമർശിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചു. ഗവൺമെന്റ് ഇക്കാര്യംവ്യക്തമായി പരിശോധിച്ചു.ഈ കാര്യത്തിന് പി.എസ്.സി യുടെ അംഗീകാരം ലഭിച്ചു.

ഈസാഹചര്യത്തിൽ അഗ്രിക്കൾച്ചറൽ ഓഫീസറായി പ്രൊമോഷൻലഭിക്കുന്നതിന് അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിൽ 3 വർഷത്തെ സേവനം പൂർത്തിയാക്കണമെന്ന ഒന്നാമത് പരാമർശിച്ചിരിക്കുന്ന ജി.ഒ യിലെ റൂൾ11(ബി) യിൽ പറഞ്ഞിരിക്കുന്ന നിബന്ധന റദ്ദു ചെയ്തഉരവ് പുറപ്പെടുവിക്കുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം )
സാജൻ പീറ്റർ
സെക്രട്ടറി

പകർപ്പ്: . കൃഷി ഡയക്ടർ, തിരുവനന്തപരം
പ്രിൻസിപ്പൽ കൃഷി ഓഫീസർ മാർതുടങ്ങിയവർക്ക്